നം: പി.എൽ.(2)/41140/2015/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 06.08.2015.

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - സംസ്കൃതവിദ്യാഭ്യാസവികസനം - സംസ്കൃതദിനാഘോഷം - സംബന്ധിച്ച്.

2015-16 അദ്ധ്യയനവർഷത്തിലെ സംസ്കൃതദിനം ശ്രാവണപൗർണ്ണമിയായ ഓഗസ്റ്റ് 29-ന് ആണ് വരുന്നത്. അന്നേ ദിവസം അവധിയായതിനാൽ സ്കൂൾതല സംസ്കൃതദിനം സെപ്റ്റംബർ 2, സബ്ജില്ലാതലസംസ്കൃതദിനം സെപ്റ്റംബർ 4, വിദ്യാഭ്യാസജില്ലാസംസ്കൃത ദിനം സെപ്റ്റംബർ 16, എന്നീ ദിവസങ്ങളിൽ നടത്തേണ്ടതാണ്.

സംസ്ഥാനതലസംസ്കൃതദിനം സെപ്റ്റംബർ 17-ന് കോട്ടയത്തുവച്ചാണ് നടത്തുന്നത്. അതിനോടനുബന്ധിച്ച് സംസ്കൃതാദ്ധ്യാപകർക്ക് താഴെപ്പറയുന്ന ഇനങ്ങളിൽ രചനാമത്സര ങ്ങൾ നടത്തുന്നതാണ്.

| ഇനം | | വിഷയം |
|---|---|---|
| കഥ | : | സ: പരിധൗ നാസ്തി |
| കവിത | : | മൃദുഭാവാ മമ ജനനീ |
| സമസ്യാപൂരണം | : | വിനാ വിലംബം ഫലമേതി നൂനം. |
| ഉപന്യാസം | : | ജൈവ സംസ്കൃതി: ദേശസ്യ സുസ്ഥിതിശ്ച. |

സ്കൂൾ/ജില്ലാ/സബ്ജില്ലാതല സംസ്കൃതദിനാഘോഷപരിപാടിയുടെ റിപ്പോർട്ട് സുവനീറിലേക്ക് ചേർക്കുന്നതിലേക്കായി ഫോട്ടോസഹിതം ഡയറക്ടറേറ്റിലേക്ക് അയച്ചു തരേണ്ടതാണ്. സ്കൂളുകളിൽ സംസ്കൃതം കയ്യെഴുത്തുപ്രതി തയ്യാറാക്കേണ്ടതും വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്തി മികച്ചത് കണ്ടെത്തി ഡിസംബർ 31-ന് മുമ്പ് സമ്മാനം നൽകേണ്ടതുമാണ്.

സംസ്കൃതദിനത്തിൽ സ്കൂളുകളിൽ ചെയ്യേണ്ടതായ പ്രതിജ്ഞാവാചകങ്ങളും സംസ്കൃതദിനത്തോടനുബന്ധിച്ച് അദ്ധ്യാപകരുടെ രചനാമത്സരങ്ങൾക്കുള്ള നിബന്ധന കളും ഇതോടൊപ്പം ചേർക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

ഉള്ളടക്കം: 1) പ്രതിജ്ഞ
2) രചനാ മത്സര നിബന്ധനകൾ.

## സംസ്കൃതദിനത്തോടനുബന്ധിച്ച് അദ്ധ്യാപകരുടെ രചനാമത്സരങ്ങൾക്കുള്ള നിബന്ധനകൾ

1) പൊതുവിദ്യാഭ്യാസ വകുപ്പിന്നധീനതയിൽ ജോലി ചെയ്യുന്ന 10-ാം ക്ലാസ്സുവരെ സംസ്കൃതം പഠിക്കുന്ന സംസ്കൃതാദ്ധ്യാപകർ മാത്രമെ പങ്കെടുക്കാവൂ.
2) ഒരാൾ ഓരോ ഇനത്തിലും ഒരു രചന മാത്രമെ അയക്കുവാൻ പാടുള്ളൂ.
3) ജോലി ചെയ്യുന്ന വിദ്യാലയത്തിലെ പ്രഥമാദ്ധ്യാപകന്റെ സാക്ഷ്യപത്രത്തോടൊപ്പം ആണ് രചനകൾ അയക്കേണ്ടത്.
4) ഓരോ ഇനത്തിലും ഒന്നും, രണ്ടും, മൂന്നും സ്ഥാനക്കാരെ തെരഞ്ഞെടുത്ത് മൊമെന്റോയും സർട്ടിഫിക്കറ്റും സംസ്ഥാനതലം സംസ്കൃതദിനാചരണത്തിൽ കോട്ടയത്തുവച്ച് കൊടുക്കുന്നതാണ്.
5) രചനകൾ സംസ്കൃതഭാഷയിൽ ദേവനാഗരിലിപിയിൽ എഴുതി അയക്കേണ്ടതാണ്.
6) കവിത 48 വരികളിൽ കവിയരുത്. ഉപന്യാസം - എ4 ഷീറ്റ് 3 പേജ് / 300 വാക്കുകളിൽ കവിയരുത്.
7) അദ്ധ്യാപകരുടെ പേരും മേൽവിലാസവും ഫോൺ നമ്പർ സഹിതം പ്രത്യേകം പേപ്പറിൽ എഴുതി വയ്ക്കേണ്ടതാണ്. രചനകളിൽ പേരോ, വിലാസമോ എഴുതാൻ പാടുള്ളതല്ല.
8) കവറിനു മുകളിൽ 'സംസ്കൃത രചനാ മത്സരം ' എന്നെഴുതി സ്പെഷ്യൽ ഓഫീസറുടെ മേൽവിലാസത്തിൽ അയക്കേണ്ടതാണ്.

വിലാസം : ഡോ: സുനീതി ദേവി ടി.ഡി.,
സ്പെഷ്യൽ ഓഫീസർ (സംസ്കൃതം),
പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തൈക്കാട് പി.ഒ., തിരുവനന്തപുരം - 14.

**ഡയറക്ടറേറ്റിൽ കിട്ടേണ്ട അവസാന തീയതി 31.08.2015.**

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

# പ്രതിജ്ഞ

## (സംസ്കൃത ദിനത്തിൽ വിദ്യാലയങ്ങളിൽ ചെയ്യേണ്ടത്)

സംസ്കൃതം മമ ജീവവാണി. തസ്യാ: സമൃദ്ധായാം നാനാവിധായാം പൂർവ്വിക സമ്പത്തൗ അഭിമാനീ ഭവാമി. സംസ്കൃതപഠനം മമ വിനയ-ആത്മഗൗരവ-സദാചാര സാമൂഹ്യബോധാദീനാം സദ്ഗുണാനാം വികാസായ പ്രഭാവയതി. വസുധൈവ കുടുംബകം, സത്യമേവ ജയതേ, സർവ്വേ ഭവന്തു സുഖിന:, ഇത്യാദിഭി: ആപ്ത വചനൈ: രാഷ്ട്രസ്യ അഖണ്ഡതാ ഐക്യം ച സംസ്കൃതഭാഷായാം സുരക്ഷിതമിതി വിവേചയാമി. അഹം ജാതി-വർഗ്ഗ-സ്ത്രീ-പുരുഷഭേദബുദ്ധിം വിനാ സംസ്കൃത ഭാഷാപഠനേ തഥാ പ്രചാരണേ, ച സദാ സർവ്വഥാ പ്രയത്നം കരോമി. സ്നേഹമയീ മാതാ, സ്വപുത്രാൻ ഇവ അന്യഭാഷാ: അപി ആദരിഷ്യേ.

ജയതു ജയതു സംസ്കൃതം.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.